## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2 18.03.2013-ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ കീഴിൽ വരുന്ന വകുപ്പുകളിലെ ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കൽ

| | ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ഇലക്ഷൻ വകുപ്പിനെ സംബന്ധിച്ച് ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ശാസ്ത്ര സാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽപ്പെടുന്ന എല്ലാ പദ്ധതികളും ഏറ്റെടുത്ത് ഘട്ടം ഘട്ടമായി നടത്തിവരുന്നു. പരിസ്ഥിതി വകുപ്പിനു കീഴിലെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലും എല്ലാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ എല്ലാം നടപ്പാക്കിയിട്ടുണ്ട്. കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷനുമായും ബന്ധപ്പെട്ട് 2012-2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമായി ബന്ധപ്പെട്ട ബഡ്ജറ്റു നിർദ്ദേശങ്ങൾ എല്ലാം നടപ്പാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന നദീ ജലവുമായി ബന്ധപ്പെട്ടുള്ള 'പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിർമ്മാണം' എന്ന ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | 2012-13-ൽ പ്രസ്തുത ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ആയതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ പൊതുഭരണ (സ്പെഷ്യൽ-എ) വകുപ്പിന്റെ 2070-00-003-99-ട്രെയിനിംഗ് ഓഫ് ഐ.എ.എസ് പ്രൊബേഷനേഴ്സ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മൊത്തം തുകയും ചെലവഴിച്ചു. |

പൊതുഭരണ വകുപ്പിനു കീഴിലെ കോർപ്പറേഷൻ ഫോർ എക്കണോമിക്കലി ബാക്ക്‌വേർഡ് സെക്ഷൻസ് ഓഫ് ഫോർവേർഡ് കമ്മ്യൂണിറ്റീസിനായി 89,35,000/- രൂപ വകയിരുത്തിയിരുന്നു. ആയതിനാൽ 72,67,720/- രൂപ ചെലവഴിക്കുകയും 16,67,280/- രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പിന് 2012-13 വർഷത്തേയ്ക്ക് നോൺ-പ്ലാൻ ഇനത്തിൽ വിവിധ ശീർഷകങ്ങളിലായി 8,96,17,000/- രൂപാ വകയിരുത്തുകയും 7,54,63,412/- രൂപാ 28-02-2013 വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 1,41,53,588/- രൂപാ ബാക്കി നിൽപ്പുണ്ട്. പ്ലാൻ ഇനത്തിൽ "2235-60-200-77" എന്ന ശീർഷകത്തിൽ 10,00,000/- രൂപാ വകയിരുത്തുകയും 28-02-2013 വരെ മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിൽ ഇലക്ഷൻ വകുപ്പിന് 26,33,97,000/- രൂപ വകയിരുത്തുകയും 2013 മാർച്ച് 10 വരെ 22,60,10,039/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2012-2013-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചെലവിലേക്ക് ബജറ്റ് വിഹിതമായി '2075-00-800-40 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന **(NP)**' എന്ന ശീർഷകത്തിൽ ആകെ 70 കോടി രൂപ (ഉപധനാഭ്യർത്ഥനയിലുള്ള 65 കോടി രൂപ ഉൾപ്പെടെ) വകയിരുത്തിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിവിധ ധനസഹായ വിതരണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2012-2013 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി 6645 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽ 3717.68 ലക്ഷം രൂപ ഇതിനകം ചെലവായി. ചെലവുകൾ തുടർന്നു വരുന്നു. 2927.32 ലക്ഷം രൂപയാണ് ഇനി ചെലവിടാൻ ബാക്കിയുള്ളത്. ബന്ധപ്പെട്ട സ്ഥാപനങ്ങൾ ബാക്കിയുള്ള പ്രവർത്തനങ്ങളും പൂർണ്ണമാക്കിക്കൊണ്ടിരിക്കുന്നു. അവയുടെ ചെലവിടലും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കും.

| | | | |
|---|---|---|---|
| | | | പരിസ്ഥിതി വകുപ്പിനു കീഴിലെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പ്ലാൻ ഇനത്തിൽ 225 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും 02.03.2013 വരെ 126.94 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 98.06 ലക്ഷം രൂപ ബാക്കി നിൽപ്പുണ്ട്. നോൺ പ്ലാൻ ഇനത്തിൽ 50.08 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും 02.03.2013 വരെ 48.21 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 1.87 ലക്ഷം രൂപ ബാക്കി നിൽപ്പുണ്ട്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ ബഡ്ജറ്റിൽ 2012-2013-ൽ വകയിരുത്തിയ 5.95 കോടി രൂപയിൽ 4.02 കോടി രൂപ ചെലവഴിച്ചു. ബാക്കി തുക ചെലവഴിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>ജുഡീഷ്യറി വകുപ്പിന് 2012-13 സാമ്പത്തിക വർഷത്തിൽ 3,08,90,65,000/- രൂപ വകയിരുത്തപ്പെടുകയും 2,32,26,21,493/- രൂപ ചെലവഴിക്കുകയും ചെയ്തു. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന് 2012-13 സാമ്പത്തിക വർഷത്തിൽ 1,88,18,000/- രൂപ വകയിരുത്തപ്പെടുകയും 1,81,21,739/- രൂപ ചെലവഴിക്കുകയും ചെയ്തു.<br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് (IMG) നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 377.11 ലക്ഷം രൂപയും പ്ലാൻ ഗ്രാന്റ് ഇനത്തിൽ 15 ലക്ഷം രൂപയും (11.25 ലക്ഷം രൂപ മാത്രമേ റിലീസ് ചെയ്തിട്ടുള്ളൂ) STP ട്രെയിനിംഗ് ഫണ്ട് ഇനത്തിൽ 5 കോടി രൂപയും അനുവദിക്കുകയും ആയതു മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം എന്ന ഇനത്തിൽ 1,89,34,000/- രൂപ വകയിരുത്തിയിട്ടുള്ളതിൽ 28.02.2013 വരെ 1,52,69,707/- രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക 36,64,293/- രൂപ കൂടാതെ 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പല വകുപ്പുകളും 2012-13-ലെ ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നതിൽ വലിയ വീഴ്ച വരുത്തിയതായി കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | വീഴ്ച വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ